3. വിലങ്ങൻകുന്നിൽ സന്ദർശന ഗ്യാലറിയുടെ നിർമ്മാണം.

4. ടൂറിസം ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും.

(ബി) 2001-2002

1. ടൂറിസം അവയർനസ്സ്	- 1.20 ലക്ഷം രൂപ
2. വേൾഡ് ടൂറിസം ഡേ	- 0.25 ലക്ഷം രൂപ
3. പേ & യൂസ് ടോയിലറ്റ്	- 5 ലക്ഷം രൂപ

2002-2003

1. ആതിരപ്പള്ളി പദ്ധതി	- 10 ലക്ഷം രൂപ
2. കനോലി കനാൽ തടസ്സം നീക്കം	- 3.70 ലക്ഷം രൂപ
3. ടൂറിസം അവയർനസ്സ്	- 1.20 ലക്ഷം രൂപ
4. ടൂറിസം ക്ലബ്ബ്	- 1.82 ലക്ഷം രൂപ

(സി) ഉണ്ട്.

യാത്രി നിവാസ്-ഗുരുവായൂർ

കേന്ദ്രവിഹിതം - 49,50,000 രൂപ

(ഡി) ഉണ്ട്.

(ഇ) 10 ലക്ഷം രൂപ.

(എഫ്) ഒരു ഹൗസ് ബോട്ട് ടൂറിസംവകുപ്പ് അനുവദിച്ചിട്ടുണ്ട്. ചെലവ് 8.45 ലക്ഷം രൂപ.

(ജി) പരിശോധിക്കാവുന്നതാണ്.

(എച്ച്) തൃശ്ശൂർ ജില്ലയുടെ അടിസ്ഥാന സൗകര്യം മുൻനിറുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഡൽഹി ആസ്ഥാനമായുള്ള കൺസൾട്ടൻസി എഞ്ചിനിയറിംഗ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിട്ടുണ്ട്.

സമുദ്ര മത്സ്യസമ്പത്തിന്റെ ഏറ്റകുറച്ചിലുകളെ കുറിച്ച് പഠനം നടത്തുവാൻ നടപടി

61 (1749) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സമുദ്ര മത്സ്യസമ്പത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ലഭ്യതയിൽ ഉള്ള ഏറ്റക്കുറച്ചിലുകൾ ശാസ്ത്രീയമായി അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പഠനം നടത്തിയില്ലെങ്കിൽ പഠനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ നടത്തിയിട്ടില്ല. മറ്റ് ഏജൻസികൾ നടത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ പഠനം നടത്തുന്നകാര്യം പരിശോധിക്കാം.

മത്സ്യ വിതരണത്തിനാവശ്യമായ സഹായം

62 (1750) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി സംസ്ഥാനത്ത് ആകെ എത്ര പേർ മത്സ്യ വിതരണരംഗത്ത് തൊഴിൽ ചെയ്തുവരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇവർക്ക് മത്സ്യ വിതരണത്തിനാവശ്യമായ വാഹനങ്ങൾ, മത്സ്യം കേടുകൂടാതിരിക്കാൻ ഐസ് ബോക്സുകൾ എന്നിവ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ആഭ്യന്തര വിപണിയിൽ എത്ര തുകയുടെ മത്സ്യം ശരാശരി വിറ്റുവരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഏകദേശം 67,500ലധികം പേർ.

(ബി) വാഹനങ്ങൾ, ഐസ് ബോക്സുകൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(സി) ഏകദേശം 1,000 കോടി രൂപയുടെ മത്സ്യം വിറ്റുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly